പത്രക്കുറിപ്പ്
01-01-2018

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കേരളമൊട്ടാകെ കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പുകൾ

തിരുവനന്തപുരം: സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങളെ പ്രതിരോധിച്ച് അവർക്ക് സംരക്ഷണമേകുക, നിയമസഹായമടക്കമുള്ള എല്ലാവിധ പിന്തുണയുമേകുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ തുടക്കമിട്ട വാർഡ് തല വിജിലന്റ് ഗ്രൂപ്പ് രൂപീകരണം എല്ലാ ജില്ലകളിലും മികച്ച രീതിയിൽ മുന്നേറുന്നു. പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഗ്രൂപ്പ് രൂപീകരണം പൂർത്തിയായി. ശേഷിച്ച ജില്ലകളിൽ അടുത്തമാസത്തോടെ ഗ്രൂപ്പ് രൂപീകരണം പൂർത്തിയാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. കുടുംബശ്രീ അയൽക്കൂട്ട വനിതകളുടെയും ജെന്റർ റിസോഴ്സ് പേഴ്സൺമാരുടെയും നേതൃത്വത്തിലാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു വരുന്നത്. കേരളത്തിലാകെ ഇതുവരെ 15000 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പ് രൂപീകരണം പൂർത്തിയായി.

സുരക്ഷിതമായ അയൽക്കൂട്ട പ്രദേശം, സഞ്ചാര സ്വാതന്ത്ര്യം, അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കുകയും അതോടൊപ്പം സുരക്ഷിതമായ ഗാർഹികാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കുക എന്നീ ലക്ഷ്യങ്ങളും വിജിലന്റ് ഗ്രൂപ്പുകൾക്കുണ്ട്. വാർഡ് തലത്തിൽ രൂപീകരിച്ചിരിക്കുന്ന ഈ വിജിലന്റ് ഗ്രൂപ്പുകളിൽ അതേ വാർഡുകളിലെ നിവാസികളായ അഞ്ച് മുതൽ പത്ത് വരെ അംഗങ്ങളാണുള്ളത്. അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള ഒരു സംഘമായാണ് ഇവർ വർത്തിക്കുക. അതിക്രമങ്ങൾക്ക് വിധേയരാകാൻ സാധ്യതയുള്ളവരെ കണ്ടെത്തുകയും അവർക്ക് സംരക്ഷണമൊരുക്കുകയും ചെയ്യും. അതേസമയം അതിക്രമങ്ങൾ നേരിട്ടവരെ കണ്ടെത്തി അവർക്ക് പ്രാദേശിക ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വേണ്ട പിന്തുണയും കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പുകൾ നൽകും.

എല്ലാ മാസവും കമ്മ്യൂണിറ്റി കൗൺസിലർമാർ മുഖേന അതാത് പ്രദേശങ്ങളിൽ കൗൺസിലിങ്ങും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഇത് കൂടാതെ ആവശ്യമെങ്കിൽ സ്നേഹിത ജെൻഡർ ഹെൽപ്ഡെസ്കിന്റെ സഹായവും നൽകുന്നു. സിഡിഎസ്, എഡിഎസ് പ്രവർത്തകർ, അങ്കൻവാടി അമ്മമാരുടെ കമ്മിറ്റി, ബാലസഭാ പ്രവർത്തകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ, സാംസ്ക്കാരിക സംഘടനാ പ്രതിനിധികൾ എന്നിവരുൾപ്പെടുന്നതാണ് വിജിലന്റ് ഗ്രൂപ്പുകൾ. പത്തനംതിട്ടയിലെ 909 വാർഡുകളിലും കോട്ടയത്തെ 1321 വാർഡുകളിലും തൃശൂരിലെ 1753 വാർഡുകളിലും കോഴിക്കോട് 1502 വാർഡുകളിലും കാസർഗോഡ് 777 വാർഡുകളിലും വിജിലന്റ് ഗ്രൂപ്പ് രൂപീകരണം പൂർത്തിയാക്കി. എറണാകുളം, വയനാട്, കണ്ണൂർ ജില്ലകൾ ഉടൻ തന്നെ എല്ലാ വാർഡുകളിലും വിജിലന്റ് ഗ്രൂപ്പ് രൂപീകരണം പൂർത്തിയാക്കും. ഇതുവരെ ഈ ജില്ലകൾ 85 ശതമാനത്തിലേറെ വാർഡുകളിൽ ഗ്രൂപ്പുകൾ രൂപീകരിച്ചു കഴിഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ